ഉത്തരം

(എ) 58 വയസ്സ്.

(ബി) ഇല്ല.

അർബൻ ബാങ്ക് ജീവനക്കാരുടെ വേതന പരിഷ്കാരം

1219 [2188] ശ്രീ. പി. കെ. കെ. ബാവ:
,, എൻ. സൂപ്പി:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, എ. വി. അബ്ദുറഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ ബാങ്ക് ജീവനക്കാരുടെ വേതന പരിഷ്കാരത്തിന് റിപ്പോർട്ട് സമർപ്പിക്കുവാൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ, ബി) ഉണ്ട്.

സഹകരണ ഹൗസിംഗ് ഫെഡറേഷൻ വിതരണം ചെയ്ത തുക

1220 [2189] ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ 1984-85-ൽ എന്തു തുകയാണ് ഹൗസിംഗ് ലോണായി വിതരണം ചെയ്തത്;

(ബി) ഇതിന് എത്ര ശതമാനം പലിശ ഈടാക്കാറുണ്ട്;

(സി) ഈ പലിശയിൽ ആർക്കെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ;

(ഡി) സഹകരണ ജീവനക്കാർ ലോൺ വാങ്ങുമ്പോൾ പലിശ ഇളവ് നൽകാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 10.21 കോടി രൂപ

(ബി) ഒരു ശതമാനം ഗ്രൂപ്പ് ഇൻഷ്വറൻസ് പ്രീമിയം ഉൾപ്പെടെ 14.5 ശതമാനം.

(സി) ദുർബല/താണവരുമാന വിഭാഗത്തിൽപ്പെടുന്നവരുടെ വായ്പകൾക്ക് രണ്ടുശതമാനം പലിശയിളവ് ഫെഡറേഷൻ അനുവദിച്ചത് കൂടാതെ സംസ്ഥാന സർക്കാർ ജീവനക്കാർ എടുത്തിട്ടുള്ള വായ്പകളിൽ കൃത്യമായി തിരിച്ചടയ്ക്കുന്ന തവണത്തുകകൾക്ക് മൂന്നു ശതമാനം പലിശയിളവ് സർക്കാർ അനുവദിക്കുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ പ്രാഥമിക വേതനനിർമ്മാണ സഹകരണ സംഘങ്ങളിലെ ജീവനക്കാർ എടുത്തിട്ടുള്ള ലോണുകൾക്ക് ഫെഡറേഷൻ രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

ശതമാനം പലിശയിളവ് അനുവദിച്ചിട്ടുണ്ട്. മുഴുവൻ സഹകരണ ജീവനക്കാർക്കും ഇപ്രകാരം പലിശയിളവ് അനുവദിക്കുവാൻ സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ട്.

പത്തനംതിട്ട ജില്ലയിലെ നിക്ഷേപ സമാഹരണം

1221 [2190] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ നിക്ഷേപ സമാഹരണത്തിന് നിശ്ചയിച്ചിരുന്ന ടാർജറ്റ് എത്ര രൂപയായിരുന്നു;

(ബി) സമാഹരിച്ച തുകയെത്ര;

(സി) നിർദ്ദേശിച്ചിരുന്നതിൽ ഏറ്റവും കൂടുതൽ തുക സമാഹരിച്ച സഹകരണ സ്ഥാപനം ഏതാണ്;

(ഡി) നിശ്ചയിച്ചിരുന്ന തുക, സമാഹരിച്ച തുക ഇവ എത്ര വീതമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 350 ലക്ഷം രൂപ അധിക നിക്ഷേപം സമാഹരിക്കുക എന്നതായിരുന്നു.

(ബി) 879.21 ലക്ഷം രൂപ.

(സി) തിരുവല്ലാ ഈസ്റ്റ് കോ—ഓപ്പറേറ്റീവ് ബാങ്ക്.

(ഡി) നിശ്ചയിച്ച തുക 65 ലക്ഷം രൂപയും സമാഹരിച്ചത് 95 ലക്ഷം രൂപയും ആണ്.

നാട്ടിക ഫർക്ക കോ—ഓപ്പറേറ്റീവ് റൂറൽ ബാങ്കിൽ ഒരു ഫുൾടൈം അഡ്മിനിസ്ട്രേറ്ററെ നിയമിക്കണമെന്ന ആവശ്യം

1222 [2191] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക ഫർക്ക കോ—ഓപ്പറേറ്റീവ് റൂറൽ ബാങ്കിൽ ഒരു ഫുൾടൈം അഡ്മിനിസ്ട്രേറ്ററെ നിയമിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ലെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള അസിസ്റ്റന്റ് രജിസ്ട്രാർമാരിൽ നിന്നും ഒരാളെ റീഡിപ്ലോയ് ചെയ്ത് ബാങ്കിന്റെ അഡ്മിനിസ്ട്രേറ്ററുടെ ജോലി ഏൽപ്പിക്കുന്നതിനുള്ള നിർദ്ദേശം സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly